# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6928 10.07.2014-ലെ മറുപടിക്ക്

**പാലക്കാട് മെഡിക്കൽ കോളേജ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.എ.പി.അനിൽ കുമാർ<br>( പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആരംഭിക്കുന്ന പാലക്കാട് മെഡിക്കൽ കോളേജിനായി എത്ര തുകയാണ് നീക്കി വെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) പാലക്കാട് മെഡിക്കൽ കോളേജിനു വേണ്ടി ഇതുവരെ 101.73 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പാലക്കാട് ജില്ലയിലെ യാക്കര വില്ലേജിൽ 50 ഏക്കർ സ്ഥലം മെഡിക്കൽ കോളേജും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനു വേണ്ടി അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം 2013 നവംബർ മാസം മുതൽ തുടങ്ങി.ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ നിയോഗിച്ച വിദഗ്ധ സംഘം 2014 മെയ് മാസം 23-ഉം 24-ഉം തീയതികളിലായി മെഡിക്കൽ കോളേജിന്റെ ഇതേ വരെയുള്ള |

തയ്യാറെടുപ്പുകൾ വിലയിരുത്തുകയു ണ്ടായി. കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയാണെങ്കിൽ 2014-15 അധ്യയന വർഷം തന്നെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ സാധ്യമാകുന്നതാണ്.

(സി) പ്രസ്തുത മെഡിക്കൽ കോളേജിലേക്ക് ജീവനക്കാരുടെ നിയമന നടപടികൾ ആരംഭിച്ചുവോ; എങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണ് ഇപ്പോൾ നിയമനം നടത്തുന്നതെന്ന് വിശദീകരിക്കുമോ;

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾ ക്കനുസൃതമായി മെഡിക്കൽ കോളേജിന്റെ ഒന്നാം വർഷത്തെ പ്രവർത്തനത്തിനുള്ള ആവശ്യ ത്തിലേക്കായി ജീവനക്കാരുടെ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. താഴെ പറയുന്ന തസ്തികകളിലേക്കാണ് നിയമന നടപടികൾ സ്വീകരിച്ചിരിക്കുന്നത്

1. പ്രിൻസിപ്പൽ
2. അസോസിയേറ്റ് പ്രൊഫസർ
3. അസിസ്റ്റൻറ് പ്രൊഫസർ
4. പ്രൊഫസർ
5. സീനിയർ റസിഡന്റ്
6. ട്യൂട്ടർ / ലക്ചറർ
7. ജൂനിയർ റസിഡന്റ്
8. ടെക്നീഷ്യൻ
9. സ്റ്റോർ കീപ്പർ കം ക്ലർക്ക്
10. ലാബ് അസിസ്റ്റൻറ്
11. മെഡിക്കൽ സോഷ്യൽ വർക്കർ
12. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
13. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

14. മോഡലർ

15. സ്റ്റെനോഗ്രാഫർ കം ക്ലർക്ക്

16.ലൈബ്രേറിയൻ

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മെഡിക്കൽ കോളേജിലേക്ക് വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ നിയമനത്തിനായി അവലംബിച്ചിട്ടുള്ള രീതി എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡം അനുസരിച്ചുള്ള ഫാക്കൽറ്റിയുടെ നിയമനങ്ങൾക്കായി പത്രപ്പരസ്യം നടത്തി കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഡീൻ (റിസർച്ച്) ഡോ.പ്രവീൺലാൽ കുറ്റിച്ചിറ, മഞ്ചേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.പി.വി.നാരായണൻ, കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രൊഫ. ജയിംസ്, എന്നിവർ അംഗങ്ങളായിട്ടുള്ള സെലക്ഷൻ കമ്മിറ്റിയാണ് ഫാക്കൽറ്റിയുടെ സെലക്ഷൻ നടത്തിയിട്ടുള്ളത്.<br><br>അധ്യാപകേതര തസ്തികകൾക്കായി സ്പെഷ്യൽ ഓഫീസർ പത്രപ്പരസ്യം നൽകുകയും, ലഭിച്ച അപേക്ഷകരെ ടെസ്റ്റും, ഇന്റർവ്യൂവും നടത്തി സെലക്ഷൻ നടത്തുകയും ചെയ്തത് സർക്കാർ സ്ഥാപനമായ ഐ. എം. ജി യാണ്. |
| (ഇ) | പ്രസ്തുത മെഡിക്കൽ കോളേജിലെ വിവിധ തസ്തികകളിലേക്ക് അർഹതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (ഇ) | മെഡിക്കൽ കോളേജിലേക്കുള്ള വിവിധ തസ്തികകളിലക്ക് അർഹതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. |

(എഫ്) പാലക്കാട് മെഡിക്കൽ കോളേജിൽ നിയമനത്തിനായി യോഗ്യതയുള്ളവരുടെ അപേക്ഷ ക്ഷണിച്ച് ഏതെല്ലാം പത്രങ്ങളിലാണ് പരസ്യം നൽകിയിരുന്നത്;പത്രങ്ങളുടെ ഏതെല്ലാം എഡിഷനുകളിൽ പരസ്യം നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) 2013 ഡിസംബർ മാസത്തിൽ ഹിന്ദു ദിനപത്രം (17.12.2013) മലയാള മനോരമ (21.12.2013) എന്നിവ മുഖേനയാണ് വിവിധ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചിരുന്നത്. ടി പത്രത്തിന്റെ എല്ലാ എഡിഷനുകളിലേക്കും പരസ്യം നൽകിയിരുന്നു.

(ജി) പ്രസ്തുത സ്ഥാപനത്തിൽ ഇതു വരെ എത്ര പേരെ നിയമിച്ചുവെന്നും നിയമനം ഏതെല്ലാം കാറ്റഗറിയിലേക്കായിരുന്നുവെന്നുമുള്ള വിശദാംശം നൽകുമോ; ഏതെല്ലാം ശമ്പളസ്കെയിലുകളിലാണ് നിയമനം നൽകിയതെന്നുള്ളതിന്റെ വിശദാംശം നൽകുമോ?

(ജി) വിവിധ തസ്തികകളിലേക്കായി ആകെ 133 നിയമനങ്ങൾ ഇതു വരെ നടത്തിയിട്ടുണ്ട്. നിയമനം നടത്തിയ കാറ്റഗറിയും അവയുടെ ശമ്പള സ്കെയിലുകളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു

Rashuk

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പളസ്കെയിൽ (രൂപ) |
|---|---|---|---|
| 1 | പ്രിൻസിപ്പൽ | 1 | 37400-67000+AGP *12000 |
| 2 | പ്രൊഫസർ | 4 | 37400-67000+AGP 10000 |
| 3 | അസോസിയേറ്റ് പ്രൊഫസർ | 13 | 37400-67000+AGP 9000 |
| 4 | അസിസ്റ്റന്റ് പ്രൊഫസർ | 11 | 15600-39100+AGP 7000 |
| 5 | ട്യൂട്ടർ | 39 | 15600-39100+AGP 5400 |
| 6 | സീനിയർ റെസിഡന്റ് | 6 | 15600-39100+AGP 6600 |
| 7 | ജൂനിയർ റെസിഡന്റ് | 6 | 15600-39100+AGP 5400 |
| 8 | ടെക്നീഷ്യൻ/ടെക്കനിക്കൽ അസിസ്റ്റന്റ് | 21 | 11620 -20240 |
| 9 | സ്റ്റോർ കീപ്പർ കം ക്ലർക്ക് | 13 | 9940-16580 |
| 10 | ലാബ് അസിസ്റ്റന്റ് | 7 | 8730-12250 |
| 11 | മെഡിക്കൽ സോഷ്യൽ വർക്കർ | 2 | 13900-24040 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 2 | 11620-20240 |
| 13 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 2 | 11620-20240 |
| 14 | മോഡലർ | 1 | 13210-22360 |
| 15 | സ്റ്റെനോഗ്രാഫർ കം ക്ലർക്ക് | 4 | 10480-18300 |
| 16 | ലൈബ്രേറിയൻ | 1 | 15600-39100+AGP 6000 |
| | | 133 | |

AGP -Academic Grade Pay

Rashmi
റഷീദ് ഓ.